യ്ക്കില്ല. 25 വർഷങ്ങൾക്കു പിന്നിലേയ്ക്കു പോകേണ്ട കാര്യം സഭയ്ക്കില്ല. നിയമസഭയെ ഒരു സ്ഥിരം സമരകേന്ദ്രമാക്കുന്നത് ഈ സഭയോടുള്ള അനാദരവായി ചെയർ കാണുന്നു. അതുകൊണ്ട് എനിക്ക് വീണ്ടുമുള്ള അപേക്ഷ. .....ബഹളം.....നിയമസഭയെന്നു പറയുന്നത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്.....(ബഹളം).....ജനാധിപത്യം സംരക്ഷിക്കുക എന്നതാണ്.....ജനാധിപത്യം സംരക്ഷിക്കുക മാത്രമല്ല, ജനാധിപത്യത്തിനു നല്ല നല്ല കീഴ്വഴക്കങ്ങൾ സൃഷ്ടിക്കേണ്ട ബാധ്യത ഈ സഭയ്ക്കുണ്ട്. അതുകൊണ്ട് ദൗർഭാഗ്യകരമായ ഈ സ്ഥിതിവിശേഷത്തിൽനിന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പിൻതിരിയണമെന്ന് വീണ്ടും വീണ്ടും ചെയർ അപേക്ഷിക്കുന്നു. ചെയർ സഭാ നടപടികളിലേയ്ക്കു കടക്കുകയാണ്. നോർമലായിട്ടിരുന്നാലേ സഭ നടത്താൻ പറ്റുകയുള്ളൂ. ഇങ്ങനെയിരുന്നാൽ പറ്റില്ല.....(ബഹളം).....ഇന്നത്തെ ബിസിനസ്, ഡിമാന്റിലേയ്ക്ക് കടക്കുകയാണ്. ധനകാര്യം റവന്യൂ വകുപ്പുമന്ത്രി, (അഴിമതിയാണേ, അഴിമതിയാണേ, പ്ലസ്ടു മുഴുവൻ അഴിമതിയാണ് എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പ്രതിപക്ഷത്തെ പിൻനിരയിലുള്ള അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ നിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

II. ധനകാര്യം

2000-2001 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നം. VI- ഭൂനികുതി-(തുക 77,40,89,000)

ധനാഭ്യർത്ഥന നം. XI- ജില്ലാഭരണവും പലവകയും-(തുക 67,36,12,000)

ധനാഭ്യർത്ഥന നം. XXVI- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്-(തുക 86,17,33,000)

ധനാഭ്യർത്ഥന നം.	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001-ന്റെ ലിസ്റ്റ്				
		27.3.2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
VI	ഭൂനികുതി	38,70,45,000	-	77,40,89,000	-	77,40,89,000
XI	ജില്ലാഭരണവും പലവകയും	33,68,07,000	-	67,36,12,000	-	67,36,12,000
XXVI	പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്	43,08,67,000	-	86,17,33,000	-	86,17,33,000

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഭൂനികുതി എന്ന VI-ാം നംബർ ധനാഭ്യർത്ഥനയുടേയും, ജില്ലാഭരണവും പലവകയും എന്ന XI-ാം നംബർ ധനാഭ്യർത്ഥനയുടേയും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നംബർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2000-2001

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .....ബഹളം.....

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറംപിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കൃത്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് ഡിമാന്റ് നം IV, ഡിമാന്റ് നമ്പർ XI, XXVI എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.†

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥനകളിന്മേൽ ചർച്ച ഉണ്ടായില്ല.)

മി. സ്പീക്കർ : കട്ട്മോഷനുകളൊന്നും അവതരിപ്പിച്ചിട്ടില്ല. ചർച്ചയില്ല, മറുപടിയില്ല.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2000-2001 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥനകൾ പാസ്സാക്കിയിരിക്കുന്നു ഗ്രാന്റ് അനുവദിച്ചിരിക്കുന്നു..... (ബഹളം).....

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഈ സമ്മേളനം തുടങ്ങിയ ദിവസം മുതൽ പ്രതിപക്ഷത്തിന്റെ നിഷേധാത്മക സമീപനം കാരണം നിയമസഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് വിഘാതമായിരിക്കുന്ന സാഹചര്യത്തിൽ .....(ബഹളം)..... സഭാ സമ്മേളനം ഇന്ന് നിർത്തിവച്ചിട്ട് ജൂലൈ 17-ാം തീയതി വീണ്ടും തുടങ്ങണം. സഭാ സമ്മേളനം.....ഇത്രയും ജനാധിപത്യവിരുദ്ധമായ ഒരു സമീപനം പ്രതിപക്ഷം തുടങ്ങിയതുകൊണ്ട് ഇതുവരെ നടക്കാത്ത സംഭവഗതികൾ, അസംബ്ലിക്കകത്ത് ഒരിക്കലും നടക്കാത്ത സംഭവങ്ങൾ ജനാധിപത്യവിരുദ്ധമായി നടത്തുന്ന, ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന നടപടികൾ നടത്തുന്നതുകൊണ്ട് സഭ നിർത്തിവച്ച് ജൂലായ് 17-ാം തീയതി വീണ്ടും തുടങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഓർഡർ ..ഓർഡർ സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് സഭാനടപടികൾ ഇപ്പോൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നു. ജൂലായ് 17-ാം തീയതി രാവിലെ 8.30-ന് വീണ്ടും സഭ സമ്മേളിക്കുന്നതാണ്.....(ബഹളം).....(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു) ഓർഡർ..... ഓർഡർ.....

† അനുബന്ധം V & V (a)

LIBRARY ARCHIVES Kerala Legislative Assembly

(2000 ജൂലായ് മാസം 17-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.40-ന് പിരിഞ്ഞു.)

അനുബന്ധം - I

(28.6.2000-ലെ ചോദ്യം 3 (*213)-ന്റെ മറുപടി ദയവായി കാണുക

1.	വിളകൾ	വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം	അടയ്ക്കേണ്ട പ്രീമിയം	നഷ്ടപരിഹാര തോത്
1.	തെങ്ങ്	ഒരാണ്ടിൽ കുറഞ്ഞത് 30 നാളീകേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ	തെങ്ങൊന്നിന് 2 രൂപ ഒരു വർഷത്തേക്ക്, 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ.	തെങ്ങൊന്നിന് 1000 രൂപ.
2.	കമുക്	കായ് ഫലമുള്ളത്	ഒരു മരത്തിന് ഒരു വർഷത്തേക്ക് ഒരു രൂപ മൂന്ന് വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപ.	ഒരു മരത്തിന് 100 രൂപ
3.	റബ്ബർ	കറയെടുക്കുന്ന മരങ്ങൾ	ഒരു മരത്തിന് ഒരു വർഷത്തേക്ക് 2 രൂപ മൂന്നു വർഷം ഒന്നിച്ചടച്ചാൽ 5 രൂപ.	ഒരു മരത്തിന് 500 രൂപ.
4.	കശുമാവ്	കായ്ഫലമുള്ളത്	ഒരു മരത്തിന് ഒരുവർഷത്തേക്ക് 2 രൂപ, 3 രൂപ 5 വർഷത്തേക്ക്	ഒരു മരത്തിന് 200 രൂപ.
5.	വാഴ, ഏത്തൻ,കപ്പ, പാളയം കോടൻ, റോബസ്റ്റ	നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ	ഒരു വാഴക്ക് 2 രൂപ	കുലയ്ക്കാത്തതിന്20രൂപ കുലച്ചതിന് 50 രൂപ
6.	മരച്ചീനി	നട്ടകഴിഞ്ഞ് ഒരു മാസത്തിനുശേഷം 5 മാസം വരെ	0.02 ഹെക്ടറിന് 2 രൂപ 100 രൂപ	0.02 ഹെക്ടർ (ഹെക്ടർ ഒന്നിന് 5000 രൂപ)
7.	കൈതച്ചക്ക	നട്ടുകഴിഞ്ഞ് ഒരു മാസത്തിനുശേഷവും 6 മാസത്തിനകവും.	0.02 ഹെക്ടറിന് 25 രൂപ. രൂപ	0.02 ഹെക്ടർ 500 (ഹെക്ടർ ഒന്നിന് 25000 രൂപ)
8.	കുരുമുളക്	കായ്ച്ചു തുടങ്ങിയവ	ഒരു താങ്ങുമരത്തിന് ഒരു വർഷ ത്തേക്ക് 1 രൂപ മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ.	ഓരോ താങ്ങുമരത്തിലും ഉള്ളതിന് 40 രൂപ വീതം
9.	ഏലം	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഹെക്ടറിന് 1000 രൂപ 3 വർഷത്തേക്ക് ഒരുമിച്ചടച്ചാൽ 2500 രൂപ.	ഹെക്ടർ ഒന്നിന് 30,000 രൂപ
10.	ഇഞ്ചി	നട്ട് ഒരുമാസം കഴിഞ്ഞ് 5 മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ(ഹെക്ടർ ഒന്നിന് 40,000 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

സബ്ജക്ട് കമ്മിറ്റ് II

ഭൂനികുതി, വനവും മത്സ്യ ബന്ധനവും

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന XI - ജില്ലാഭരണവും പലവകയും

ക്രമ നമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നംബർ	മറുപടി
1.	13,14,15,16,17,18, 19,20,21,22,25,28	നിലവിലുള്ള ബഡ്ജറ്റ് വിഹിതംപൂർണ്ണമായി വിനിയോഗിച്ചതിനു ശേഷം ആവശ്യമെങ്കിൽ അധിക തുക ധനപുനർവിനിയോഗം മുഖേന അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
2.	23	ആവശ്യമായതുക ലഭ്യമാക്കുന്നതാണ്
3.	24	ഈ വർഷത്തെ ബഡ്ജറ്റ് തുകയിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ടു മൂലം അധിക തുക അനുവദിക്കാൻ കഴിയുകയില്ല.
4.	26,27	സാമ്പത്തിക ബുദ്ധിമുട്ടു മൂലം ഈ ശുപാർശ സ്വീകരിക്കാൻ നിർവ്വാഹമില്ല.
5.	29	അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.
6.	30,31,32,33,34,35,36,37	നിലവിലുള്ള തുക പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമെങ്കിൽ ധനപുനർവിനിയോഗം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
7	38	സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് അധികതുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
8.	39	അധിക തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ധനകാര്യ മന്ത്രി അംഗീകരിച്ചത്

ജോയിന്റ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (a)

സബ്ജക്റ്റ് കമ്മിറ്റി II

ഭൂനികുതി, വനം, മൽസ്യബന്ധനം

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടി മേൽ സ്വീകരിച്ച് നടപടികൾ സംബന്ധിച്ച് ധനമന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന VI - ഭൂനികുതി

ക്രമ നമ്പർ	കമ്മിറ്റിയുടെ ശുപാർശ ഖണ്ഡിക നമ്പർ	മറുപടി
1	1	ഭരണ വകുപ്പിന്റെ നിർദ്ദേശം ലഭിക്കുന്ന മൂറക്ക് കമ്മിറ്റി ശുപാർശ ചെയ്ത തരത്തിൽ ധനപുനർവി നിയോഗത്തിലൂടെ അധിക വിഹിതം അനുവദിക്കു ന്നതാണ്.
2	2	അധിക വിഹിതം അനുവദിക്കുന്ന കാര്യം വിഭവല ഭ്യതയ്ക്ക് വിധേയമായി പരിഗണിക്കുന്നതാണ്.
3	3	ഭരണ വകുപ്പിന്റെ ശുപാർശ ലഭിക്കുന്ന മൂറയ്ക്ക് ധനപുനർവിനിയോഗത്തിലൂടെ അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
4.	4	അധിക വിഹിതം ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly